15

# സഭയോടുള്ള ഭക്തി

## (3:1-13)

അനേക വർഷങ്ങൾക്കു മുൻപു, ടെക്സാസിലെ, ഫാൾസ് മാർബിൾ എന്ന സ്ഥലത്തു താമസിച്ചിരുന്നപ്പോൾ, ഞാൻ കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും കൂടുതൽ ഗോൾഫ് കളിയിൽ മുഴുകിയിരുന്ന പ്രസിദ്ധനായ ഒരാളെ കാണുവാനിടയായി. ഓരോ ദിവസവും അദ്ദേഹം പതിനെട്ടു ദ്വാരങ്ങളിൽ കളിക്കുന്നത് ഒരു ശീലമാക്കിയിരുന്നു. ഓരോ ദിവസവും അദ്ദേഹം മണിക്കൂറുകൾ പരിശീലനം നടത്തിയിരുന്നു. അദ്ദേഹം തന്റെ കളി ശ്രദ്ധയോടെ ചില രീതിയിലാണ് പരിശീലനം നടത്തിയിരുന്നത്. ഒരു ദിവസം അദ്ദേഹം നില്ക്കേണ്ട സ്ഥാനം നിർണ്ണയിക്കും. അടുത്ത ദിവസം അദ്ദേഹം ഇരുനൂറോളം പരിശീലന അടികൾ അടിക്കും. അദ്ദേഹം ഗോൾഫു കളിയിൽ വളരെയധികം മുഴുകിയിരുന്നു.

മാർബിൾ ഫാൾസിൽ വച്ചു ഞാൻ കണ്ടുമുട്ടിയ ആ വ്യക്തിയെ, റ്റോം കൈറ്റ് എന്ന പേരുള്ള ഔദ്യോഗിക യാത്ര നടത്തുന്ന ഒരാളായി മിക്ക ആളുകൾക്കും അറിയാം. ഇരുപതു വർഷത്തിലധികം അദ്ദേഹം ഗോൾഫ് കളിയുടെ ഔദ്യോഗിക ടൂർണ്ണമെന്റുകളിൽ കളിച്ചിരുന്നു. അദ്ദേഹം എല്ലാ - കാലത്തേയും കൂടുതൽ പണം - സമ്മാനം വാങ്ങുന്നവനായിരുന്നു, തന്റെ പരിശ്രമങ്ങൾക്ക് $8 ദശലക്ഷത്തിലധികം അയാൾ സമ്മാനമായി നേടിയിരുന്നു. ആ കളിയോടുള്ള മുഴുകൽ ആയിരുന്നു അദ്ദേഹത്തിന്റെ വിജയത്തിനധികവും കാരണം.

അവർ വാസ്തവത്തിൽ വിലമതിക്കുന്നതിൽ ആളുകൾ മുഴുകുവാൻ താല്പര്യപ്പെടുന്നു. അതു കുടുംബം ആകാം, ജോലിയാകാം, വിനോദങ്ങൾ ആകാം, അല്ലെങ്കിൽ തയ്യൽ ആകാം. ചിലർ എന്തെങ്കിലും ഉണ്ടാക്കുന്നതിലോ, ഭൗതിക സംഘടനകളിലോ, രാഷ്ട്രീയ പാർട്ടികളിലോ മുഴുകുന്നതായി കാണാം. അതെന്തായാലും, എന്തിലെങ്കിലും ഉള്ള നമ്മുടെ മുഴുകൽ കാണിക്കുന്നതു നാം അതിനു എത്ര മൂല്യം കൊടുക്കുന്നു എന്നതാണ്.

ഈ തത്വം ക്രിസ്ത്യാനികളെ സംബന്ധിച്ചും അവരുടെ പ്രാദേശിക സഭകളുമായുള്ള ബന്ധങ്ങളിലും വാസ്തവമാണ്. *ഒരു ഇടവകയോടുള്ള മുഴുകൽ പ്രതിഫലിപ്പിക്കുന്നതു സഭയുടെ മൂല്യത്തെ നാം വ്യക്തിപരമായി വിലയിരുത്തുന്നതാണ്.*

പ്രാദേശിക സഭ നിങ്ങൾക്കു എത്ര പ്രാധാന്യം ഉള്ളതാണ്? നാമധേയ വിഭാഗങ്ങൾക്കിടയിൽ അസംഖ്യം പഠനങ്ങൾ നടത്തിയ, ജോർജ് ബർന്നാ, അടുത്ത സമയത്തു വിവരിച്ചത് "ഒരു പ്രാദേശിക സഭയിൽ ഭാഗമാകുന്ന ആളുകൾക്ക് ദൈവത്തോടുള്ള ബന്ധത്തേക്കാൾ കുറഞ്ഞ ബന്ധമാണ് സഭയോടുള്ളത്"[1] എന്നാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആളുകൾ അവരുടെ ജീവിതത്തിൽ ദൈവം വേണം എന്നാഗ്രഹിക്കുന്നു, പക്ഷെ അവർ

തങ്ങളുടെ പ്രാദേശിക സഭയിൽ സജീവമാകുവാൻ ആഗ്രഹിക്കുന്നില്ല. ബർന്നായുടെ പഠനം വെളിപ്പെടുത്തുന്നത് ഏതാണ്ട് പ്രായമുള്ളവരിൽ പകുതിയും പ്രാദേശിക സഭയുടെ അവിഭാജ്യഘടകമായി തീരുവാൻ ആഗ്രഹിക്കുന്നില്ല എന്നാണ്.

ഈ ദശകത്തിലെ ആളുകളിൽ തങ്ങൾക്ക് സഭകളോടുള്ള ഭക്തി കുറഞ്ഞുവരുന്നതായി കാണുന്നു. അവർ തങ്ങളേക്കാളും, സമയത്തേക്കാളും, പണത്തേക്കാളും കുറഞ്ഞതായി സഭയെ കാണുന്നു. അടുത്ത സമയത്ത്, ഗാൽഅപ് എന്ന സംഘടന ദൈവത്തിനു പ്രഥമ സ്ഥാനം കൊടുക്കുന്നു എന്ന് അവകാശപ്പെടുന്ന അമേരിക്കയിലെ മദ്ധ്യവർത്തികൾക്ക് മുകളിലുള്ള ആളുകളിൽ ഒരു പഠനം നടത്തി. ആ പഠനം കാണിക്കുന്നത് അവർ തങ്ങളുടെ വരുമാനത്തിന്റെ 1.5 ശതമാനമാണ് അവർ ബന്ധപ്പെടുന്ന പ്രാദേശിക സഭയ്ക്കു നൽകുന്നത് എന്നാണ്. ഇതേ ആളുകൾ തങ്ങളുടെ വരുമാനത്തിന്റെ 12 ശതമാനം സുഖഭോഗങ്ങൾക്കായി ചെലവിടുന്നു.[2]

മുൻപു പറഞ്ഞ അടിസ്ഥാന തത്വമാണ് ഈ കണക്കുകൾ വെളിപ്പെടുത്തുന്നത്. നാം സഭയ്ക്കു എത്ര മൂല്യം കൊടുക്കുന്നു എന്നാണ് നാം ചെലവഴിക്കുന്ന സമയം, ഊർജ്ജം, പണം എന്നിവ തെളിയിക്കുന്നത്.

നമ്മുടെ ഈ പഠനം എന്തുകൊണ്ട് ആനുകാലിക - മെന്നു - ഇതു വിവരിക്കുന്നു. നാം എങ്ങനെ സഭയെ കാണുന്നു എന്നതു പുനഃചിന്ത നടത്തുവാനുള്ള സഭയെ കുറിച്ചുള്ള വെളിപ്പാടാണ് അദ്ധ്യായം 3-ൽ പൗലൊസ് നല്കുന്നത്. കർത്താവിന്റെ സഭയോടു നമുക്കുള്ള മുഴുകലിനെ കുറിച്ചു ചിന്തിക്കുവാൻ അവന്റെ വാക്കുകൾ ഇടയാക്കുന്നു.

### സഭയുടെ സ്വഭാവത്തെ മനസ്സിലാക്കി സഭയോടുള്ള നമ്മുടെ ഭക്തി നാം വർദ്ധിപ്പിക്കണം

3:1-ൽ പൗലൊസ് പ്രാർത്ഥനയോടെ ആരംഭിക്കുന്നു എങ്കിലും, പിന്നെ അതിൽ നിന്നു മാറുന്നു. വാക്യം 14-ലെത്തുന്നതുവരെ പിന്നെ പ്രാർത്ഥന തുടരുന്നില്ല. എങ്ങനെയായാലും, വാക്യങ്ങൾ 1-നും 14-നും ഇടയ്ക്കുള്ള വാക്കുകൾ സഭ എന്തെന്നു നമ്മെ കൂടുതൽ മനസ്സിലാക്കി തരുന്നു. സഭയുടെ സ്വഭാവത്തെ കുറിച്ചു പൗലൊസ് ആദ്യം എഫെസ്യരെ ഓർമ്മിപ്പിക്കുകയാണ്:

> അതു നിമിത്തം, പൗലൊസ് എന്ന ഞാൻ, ജാതികളായ നിങ്ങൾക്കു വേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു - നിങ്ങൾക്കായി എനിക്കു ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെ കുറിച്ചു; ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ, വെളിപ്പാടിനാൽ ഒരു മർമ്മം അറിയായ് വന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ അതു വായിച്ചാൽ, ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കുഗ്രഹിക്കാം, ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ, പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ് വന്നിരുന്നില്ല; അതോ ജാതികൾ സുവിശേഷത്താൽ, ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും, വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നെ (3:1-6).

സഭയെ ഒരു "മർമ്മ" മായിട്ടാണ് പൗലൊസ് വിവരിക്കുന്നത്. മർമ്മത്തെ കുറിച്ചു നാം ചിന്തിക്കുമ്പോൾ, നമ്മുടെ മനസ്സിലേക്കു വരുന്നതു ഒരുപക്ഷെ രഹസ്യ എഴുത്തുകാരിയായ അഗാത്താ ക്രിസ്റ്റിയെ കുറിച്ചോ *അവൾ എഴുതിയ*, *കൊളംബോ* അല്ലെങ്കിൽ *മർഡർ* എന്നീ റ്റി.വി. പ്രോഗ്രാമുകളോ ആയിരിക്കാം. നാം രഹസ്യമായ, അറിഞ്ഞുകൂടാത്ത അല്ലെങ്കിൽ പരിഹരിക്കാത്ത കാര്യങ്ങളുമായി, മർമ്മത്തെ ബന്ധപ്പെടുത്തുന്നു.

"മർമ്മം," പൗലൊസ് ഉപയോഗിച്ചതിൽ അർത്ഥമാക്കുന്നതു, മറ്റൊന്നാണ് (ഗ്രീക്ക്.: *മസ്റ്റേറിയോൺ*). അതു സൂചിപ്പിക്കുന്നത് എന്തെന്നാൽ മനുഷ്യരുടെ കഴിവുകൊണ്ടു കണ്ടെത്തുവാൻ കഴിയാത്തതും, ദൈവം വെളിപ്പെടുത്തിയാൽ മാത്രം അറിയാവുന്നതുമായ സത്യത്തെയാണ്. ദൈവം വെളിപ്പെടുത്തിയില്ലെങ്കിൽ, ആരും ആ സത്യം അറിയുകയില്ല.

അടുത്ത സമയത്തു, ലോകത്തുള്ള ജ്യോതി ശാസ്ത്രജ്ഞന്മാർ ശക്തിയുള്ള ടെലസ്ക്കോപ്പുകൾ ഉപയോഗിച്ചു നോക്കിയപ്പോൾ ജൂപ്പിറ്റർ ഗ്രഹത്തിന്റെ പ്രതലത്തിൽ ഒരു വാൽ നക്ഷത്രത്തിന്റെ കഷണം വന്നടിഞ്ഞിരിക്കുന്നതായി കണ്ടു. മുൻതലമുറക്കു കാണുവാൻ കഴിയാതിരുന്ന കാര്യം ശാസ്ത്രീയ സാങ്കേതിക മുന്നേറ്റം കൊണ്ടു മനുഷ്യർക്കു കാണുവാൻ കഴിഞ്ഞു. അടുത്ത കാലത്തെ ശാസ്ത്രീയ മുന്നേറ്റത്താൽ ഒരു വിദൂര ഗ്രഹത്തെ സംബന്ധിച്ച് മുൻപു അറിയാതിരുന്ന വസ്തുതകൾ കൂടുതൽ അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

എങ്ങനെയായാലും, പൗലൊസിന്, നമ്മുടെ കഴിവിൽ ഒരിക്കലും കണ്ടുപിടിക്കാവുന്നതിനപ്പുറമുള്ള ജ്ഞാനം ഉണ്ടായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിൽ വലിയ മനസ്സുള്ളവരെ എല്ലാം ഒരുമിച്ചുനമുക്കു കൊണ്ടുവരാം – അരിസ്റ്റോട്ടിൽ, പ്ലാറ്റോ, ഡാ വിഞ്ചി, ഐൻസ്റ്റിൻ, തുടങ്ങിയ പലരേയും – ക്രിസ്തുവിന്റെ മർമ്മം അവർ ക്കാർക്കും കണ്ടുപിടിക്കുവാനോ വിവരിക്കുവാനോ കഴിയുകയില്ല. അതു വെളിപ്പാടിനാൽ ദൈവം ആ മർമ്മത്തെ വെളിപ്പെടുത്തിയപ്പോൾ മാത്രം അറിയായ് വന്നു.

എന്താണ് ആ മർമ്മം? എല്ലാ കാര്യത്തിലും, അതിനു സഭയുമായി ബന്ധമുണ്ട്, പ്രത്യേകിച്ചു, "മുൻപ് – ഒരിക്കലും – ഊഹിക്കുവാൻ കഴിയാത്ത" സഭയുടെ സ്വഭാവവുമായിട്ടാണ് ആ ബന്ധമുള്ളത്. മൂന്നു വിശദാംശങ്ങൾ പൗലൊസ് നല്കുന്നുണ്ട്.

1. സഭയിൽ, *യിസ്രായേലിനോടുകൂടെ "ജാതികളും കൂട്ടവകാശികൾ ആകുന്നു."* ഒരുതരം ആളുകൾക്ക് അല്ലെങ്കിൽ ഒരു കൂട്ടം ആളുകൾക്കു മാത്രമായി ദൈവം തന്റെ സഭയെ മാറ്റി നിർത്തിയിട്ടില്ല. എല്ലാവരെയും അതിൽ പങ്കുകാരാകുവാൻ ദൈവം ക്ഷണിക്കുന്നു.

2. സഭയിൽ, ആളുകൾ *ശരീരത്തിന്റെ "സഹ അവയവങ്ങളായി"* തീരുന്നു. നാം എല്ലാം ക്രിസ്തുവിനോടുകൂടെ യോജിക്കുകയും ആളുകൾക്കിടയിലെ വേർപാടിന്റെ ചുവർ ഇല്ലാതാകുകയും ചെയ്യുന്നതു സഭയിലാണ്.

3. സഭയിൽ, ആളുകൾ *"ക്രിസ്തുയേശുവിലുള്ള വാഗ്ദത്തങ്ങൾക്കു കൂട്ടവകാശികളും പങ്കാളികളും"* ആകുന്നു. സഭയിൽ പെട്ടെന്നു ചിലതു സംഭവിക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ എല്ലാവരും തുല്യമായി പങ്കിടുന്നു. ഉയർന്ന, മദ്ധ്യ, അല്ലെങ്കിൽ താഴ്ന്ന നിലവാരം എന്നൊന്നും സഭയിലില്ല. ഒരൊറ്റ വാഗ്ദാനം പോലും ക്രിസ്തുവിലുള്ള ആർക്കും കിട്ടാതിരിക്കുന്നില്ല. ഒന്നാം – കിട പൗരന്മാർ എന്നോ രണ്ടാം – കിട പൗരന്മാർ എന്നോ ഇല്ല.

അതു നാം അറിയുമ്പോൾ ലോകത്തിൽ നിന്നു നാം എത്ര വേർപെട്ടിരിക്കുന്നു എന്നു നോക്കുക! എല്ലാ രാജ്യങ്ങളിലും, എല്ലാ ദേശങ്ങളിലും, എല്ലാ സംസ്ഥാനങ്ങളിലും, എല്ലാ പട്ടണങ്ങളിലും തരം തിരിക്കലുകൾ ഉണ്ട്. ലോകത്തിൽ അവകാശം ഉള്ളവരും ഇല്ലാത്തവരും, ആഗ്രഹിക്കത്തക്ക ആളുകളും ആഗ്രഹിക്കപ്പെടാത്തവരും, പ്രചാരമുള്ളവരും ഇല്ലാത്തവരും, ആവശ്യമുള്ളവരും ഇല്ലാത്തവരും ഉണ്ട്. അതാണ് നമ്മുടെ ലോകം.

പൗലൊസ് പറഞ്ഞു, "അങ്ങനെ അല്ല സഭയിൽ." ദൈവം ഒരു പുതിയ മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചിരിക്കയാണ്. അവകാശം എല്ലാവർക്കും ഉണ്ട്. എല്ലാവരും ഉള്ളവരാണ്. എല്ലാവർക്കും ഒരു സ്ഥലം ഉണ്ട്. എല്ലാവരും ദൈവത്തിനു പ്രത്യേകതയുള്ളവരും വിലയുള്ളവരും ആണ്.

ദൈവത്തിനു മാത്രമെ ഇത്തരത്തിൽ ചിലതു പൂർത്തിയാക്കുവാൻ കഴിയൂ. എല്ലാ തരത്തിലുമുള്ള ആളുകളെ ഏക ശരീരമാക്കുവാൻ ദൈവത്തിനു മാത്രമെ കഴിയൂ. സ്വാർത്ഥതയും, വെറുപ്പും, ദുരഭിമാനവും ഉള്ള ചുറ്റുപാടിൽ വളർന്നവരെ അന്യോന്യം സ്നേഹിക്കുവാനും സേവിക്കുവാനും പഠിപ്പിക്കുവാൻ ദൈവത്തിനു മാത്രമെ കഴിയൂ. അതാണ് മർമ്മം. അതാണ് സഭ.

കർത്താവിന്റെ സഭയുടെ മനോഹാരിതയും പ്രത്യേക സ്വഭാവവും മനസ്സിലാക്കുന്നതിനാൽ, നാം അതിനോടുള്ള ഭക്തി വർദ്ധിപ്പിക്കും.

## അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു സഭയോടുള്ള നമ്മുടെ ഭക്തി നാം വർദ്ധിപ്പിക്കണം

3:7–10–ൽ സഭയുടെ മർമ്മത്തെ കുറിച്ചു പൗലൊസ് പറഞ്ഞതു ശ്രദ്ധിക്കുക:

> ആ സുവിശേഷത്തിനു ഞാൻ അവന്റെ ശക്തിയുടെ വ്യാപാര പ്രകാരം എനിക്കു ലഭിച്ച ദൈവത്തിന്റെ കൃപാദാനത്താൽ, ശുശ്രൂഷക്കാരനായി തീർന്നു. സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക്, ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ കുറിച്ചു പ്രസംഗിപ്പാനും, സകലവും സൃഷ്ടിച്ച ദൈവത്തിൽ, അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ, ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പാനുമായി, ഈ കൃപ നല്കിയിരിക്കുന്നു; അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയപ്രകാരം സഭ മുഖാന്തരം അറിയായ് വരുന്നു.

സഭയുടെ പ്രവർത്തനങ്ങൾ എന്താണ്? അതിനു സുവിശേഷത്തിന്റെ ആശയവിനിമയത്തിൽ നാം ദൈവത്തോടു പങ്കു ചേരുന്നതുമായി ബന്ധമുണ്ടെന്ന് പൗലൊസ് പറയുന്നു. ആശയവിനിമയത്തിന്റെ പകിട്ടേറിയ കാഴ്ച്ച നമുക്ക് അവന്റെ വാക്കുകളിൽ കാണാം.

*സഭ ആരംഭിച്ചപ്പോൾ, പ്രത്യേക സന്ദേശവാഹകർക്ക് ദൈവം നേരിട്ടു സുവിശേഷത്തിന്റെ വെളിപ്പാടുകൾ നൽകി.* പൗലൊസിനെയും മറ്റു അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും ദൈവം തിരഞ്ഞെടുത്തത് ഈ ഉദ്ദേശത്തിനാണ്. "ഞാൻ അവന്റെ ശക്തിയുടെ വ്യാപാരപ്രകാരം എനിക്കു ലഭിച്ച

ദൈവത്തിന്റെ കൃപാദാനത്താൽ, ശുശ്രൂഷക്കാരനായി തീർന്നു" (വാക്യം 7) എന്നാണ് പൗലൊസ് തന്നെ കുറിച്ചു പറഞ്ഞത്. പൗലൊസിന്റെ സന്ദേശം അവനിൽ നിന്നും വന്നതല്ല. അതു അവനു ദൈവത്തിൽ നിന്നു കിട്ടിയ താണ്. സഭ വളർന്നുകൊണ്ടിരുന്ന ആദ്യഘട്ടത്തിൽ ദൈവത്തിന്റെ വെളി പ്പാട് ലഭിച്ച പൗലൊസിനെ പ്രത്യേക സന്ദേശവാഹകനാകുവാൻ ദൈവം തിരഞ്ഞെടുത്തു.

*ദൈവത്തിന്റെ പ്രത്യേക വെളിപ്പാടുകൾ ലഭിച്ചവരാണ് സുവിശേഷം മറ്റുള്ളവരോടു അറിയിച്ചതു.* പൗലൊസ് വാക്കുകളാൽ മറ്റുള്ളവരോടു സുവി ശേഷം അറിയിച്ചു. ദൈവം അവനെ "ജാതികളോടു ദൈവത്തിന്റെ അപ്ര മേയ ധനത്തെ അറിയിക്കുവാൻ" ഉപയോഗിച്ചു (വാ. 8). ദൈവം തന്റെ സന്ദേശം മനുഷ്യരോടു അറിയിക്കുവാൻ മനുഷ്യരെ ആണ് ഉപയോഗിക്കു ന്നത്. അത് ദൈവ പദ്ധതിയിൽ നിലനില്ക്കുന്നു.

*ദൈവം തന്റെ സുവിശേഷം സ്വർഗ്ഗത്തിലെ ദൂതന്മാർക്കു കാണിച്ചു കൊടുത്തു.* "അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ച്ചകൾക്കും അധികാര ങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താ വായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭ മുഖാന്തരം അറിയായ്‌വരുന്നു" (വാ. 10). സഭ എന്നതു തികച്ചും ഒരു പുതിയ മനുഷ്യവർഗ്ഗം ആണ്. അതു മുൻപു ഒരിക്കലും ഉണ്ടാകാത്ത ഒന്നാണ്. ഈ പുതിയ വംശം മുഖാന്തരം - ക്രിസ്തുവിൽ ഒന്നായ ജീവിതത്തിന്റെ എല്ലാ വശങ്ങളിൽ നിന്നുമുള്ള ആളുകൾ മുഖാന്തരം - ദൈവം ദൂതന്മാർക്കു ഒരു ദിവ്യ നാടകം കാണിച്ചു കൊടുക്കുന്നു.

സഭയുടെ ശക്തിയും മനോഹാരിതയും തിരിച്ചറിയാൻ കഴിയാത്തവണ്ണം നമുക്കു സുപരിചിതമാണ് സഭ. ദൈവത്തിന്റെ ദിവ്യ നാടകവും പ്രവർത്ത നവും നാം നഷ്ടപ്പെടുത്തുന്നു. ഞായറാഴ്ച്ച ബൈബിൾ ക്ലാസിലേക്ക് മറ്റൊരു പൈതലുമായി കാർ പാർക്ക് ചെയ്യുന്ന സ്ഥലത്തേക്കു വരുന്നതു കാണുമ്പോൾ, ദൂതന്മാർ ആവേശഭരിതരാകും. ദൈവത്തെ ആരാധിക്കുവാൻ മറ്റുള്ളവരുമായി നിങ്ങളുടെ കുടുംബം ഒത്തുചേരുമ്പോൾ ദൂതന്മാർ സന്തോ ഷിക്കും. നാം ഇതൊന്നും സാധാരണയിലധികമായി കാണുന്നില്ലായിരിക്കാം. നമ്മെ സംബന്ധിച്ചു, അതു സഭാജീവിതത്തിന്റെ മറ്റൊരു ഭാഗമാണ്. എങ്ങ നെയായാലും, ദൈവത്തെ മഹത്വപ്പെടുത്തുവാൻ സഭ ചെയ്യുന്ന ഒന്നും സാധാരണയായതോ, പതിവുപോലെയുള്ളതോ, മുഷിപ്പുതോന്നുന്നതോ അല്ല. യഥാർത്ഥത്തിൽ, തന്റെ സഭ മുഖാന്തരം ആളുകളോടു ദൈവം ചെയ്യു ന്നതെല്ലാം മതിയാകുവോളം ദൂതന്മാർക്കു കാണുവാൻ കഴിയാത്തത്ര ആകർഷണീയമാണ് അത്.

ദൈവം നമ്മെ ഭാഗമാക്കുവാൻ പ്രവർത്തിച്ചതു കുറച്ചെങ്കിലും മനസ്സി ലാക്കിയാൽ നാം കുറച്ചു മാത്രം നല്കുകയോ അല്ലെങ്കിൽ ചിലപ്പോൾ ആരാ ധന മുടക്കുകയോ ചെയ്യുകയില്ല. ദൈവം തന്റെ സഭയിൽ ചെയ്യുന്നതു നമുക്കു ശരിക്കും മനസ്സിലാക്കുവാൻ കഴിഞ്ഞാൽ, നാം നമ്മുടെ സമയ വും ഊർജ്ജവും പ്രാദേശിക ഇടവകയുടെ വളർച്ചക്കായി സന്തോഷത്തോടെ ഉപയോഗിക്കും.

## അതിന്റെ കേന്ദ്രസ്ഥിതി മനസ്സിലാക്കിയാൽ സഭയോടുള്ള നമ്മുടെ ഭക്തി നാം വർദ്ധിപ്പിക്കും

10-ഉം 11-ഉം വാക്യങ്ങളിൽ പൗലൊസ് പറയുന്നതു വീണ്ടും ശ്രദ്ധിക്കുക: "അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭമുഖാന്തരം അറിയായ് വരുന്നു. അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്."

ദൈവവുമായി വ്യക്തിപരമായ ബന്ധം പുലർത്തുന്നതിനു ആളുകൾ ഇന്നു വളരെ ഊന്നൽ കൊടുക്കുന്നുണ്ട്. അനേകം പേർ ദൈവവുമായി ബന്ധം പുലർത്തുവാൻ ആഗ്രഹിക്കുന്നു, പക്ഷെ അതേ ബന്ധം സഭയുമായി പുലർത്തുവാൻ അവർ ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ നിത്യമായ പദ്ധതിയിലെ മുഖ്യകാര്യമാണ് സഭ എന്നു പൗലൊസിന്റെ വാക്കുകൾ നമ്മെ ഓർപ്പിക്കുന്നു. അവന്റെ പദ്ധതിയുടെ കേന്ദ്ര ബിന്ദു സഭയാണ്. സഭ എന്നതു മേശപ്പുറത്തു വെക്കുന്ന കറികളിൽ ഒന്നല്ല; അതു പ്രവർത്തിക്കുന്നതു മുഖ്യ വിഷയമായിട്ടാണ്.

സഭയുടെ പ്രാധാന്യത്തെ കുറിച്ചു ജോൺ സ്റ്റോട്ട് വിവരിക്കുന്നുണ്ട്.[3] ഒന്നാമത്, *സഭ ചരിത്രത്തിലെ കേന്ദ്രസ്ഥാനത്താണ്* എന്ന് അവൻ പറഞ്ഞു. വാസ്തവത്തിൽ, ചരിത്രം, "അവന്റെ കഥ" - ദൈവത്തിന്റെ കഥയാണ്. ദൈവപദ്ധതിയുടെ മുഖ്യവിഷയം യേശു ആണെന്നു ബൈബിൾ പഠിപ്പിക്കുന്നു, അവൻ തന്റെ വീണ്ടെടുക്കപ്പെട്ട, നിരപ്പാക്കപ്പെട്ട ആളുകളോടൊപ്പമാണ്. ആ ആളുകളെ ഉദ്ദേശിച്ചും ആ ആളുകളോടു മാത്രവുമാണ് ദൈവം ഈ പ്രഖ്യാപനം നടത്തുന്നതു: "മുമ്പെ നിങ്ങൾ ജനം അല്ലാത്തവർ, ഇപ്പോഴോ ദൈവത്തിന്റെ ജനം" (1 പത്രൊസ് 2:10).

രണ്ടാമത്, *സഭ സുവിശേഷത്തിന്റെ കേന്ദ്രമാണ്.* പൗലൊസ് എഫെസ്യർക്ക് എഴുതുന്ന വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് പൂർണ്ണസുവിശേഷത്തിൽ ക്രിസ്തുവിന്റെ ഉപദേശവും സഭയുടെ മർമ്മവും അടങ്ങുന്നു എന്നാണ്. യേശു "തന്നെത്താൻ അവൾക്കുവേണ്ടി കൊടുത്തുകൊണ്ടാണ്" സഭയെ സ്നേഹിച്ചത് (5:25). യേശു ഈ സഭയെ അർത്ഥമാക്കുന്നത് നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതിനേക്കാൾ അപ്പുറമാണ്. സഭയെ അധികമായി നാമും കരുതുവാൻ അവൻ ആഗ്രഹിക്കുന്നു.

മൂന്നാമതു, *ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് സഭ.* പൗലൊസിന്റെ ത്യാഗപൂർണ്ണമായ സേവനത്തെ സൂചിപ്പിച്ചുകൊണ്ട് നമ്മുടെ ഈ പഠനം അവസാനിപ്പിക്കുകയാണ്: "അതുകൊണ്ടു ഞാൻ നിങ്ങൾക്കുവേണ്ടി സഹിക്കുന്ന കഷ്ടങ്ങൾ നിങ്ങളുടെ മഹത്വമാകയാൽ, അവ നിമിത്തം അധൈര്യപ്പെട്ടു പോകരുത് എന്നു ഞാൻ അപേക്ഷിക്കുന്നു" (3:13). ക്രിസ്തുവിന്റെ നാമത്തിന്റെ ഉയർച്ചക്കായും സഭയുടെ മഹത്വത്തിനായും എന്തു വില കൊടുക്കുവാനും പൗലൊസ് തയ്യാറായിരുന്നു.

സഭ പൂർണ്ണമല്ല. എന്റെ ഭവനം ആയിരിക്കുന്ന ഇടവക പൂർണ്ണമല്ല, നിങ്ങളുടേതും അല്ല. എങ്ങനെയായാലും, അതു ദൈവ മനസ്സിലെ സഭയുടെ വിലയെ ഒട്ടും ചെറുതാക്കുന്നില്ല. ഇതു നാം തിരിച്ചറിയുവാൻ ദൈവം ആഗ്രഹിക്കുന്നു. പൗലൊസിന്റെ വാക്കുകളിലൂടെ അവൻ പറയുന്നു, "എന്റെ സഭയെ കുറച്ചു കാണരുത്. അതു ആകുന്നതുപോലെ കാണുക - എന്റെ തേജസുള്ള സഭയായി കാണുക. അതു ആളുകളെയും അവരുടെ ഭക്തി കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്ന കാരണത്തെയും പ്രതിനിധീകരിക്കുന്നു."

**ഉപസംഹാരം**

ഒരു ദിവസം സിനിമകൾ, കളികൾ, അല്ലെങ്കിൽ യാത്രകൾ എല്ലാം ഇല്ലാതാകും. ജോലികൾ, വീടുകൾ, അല്ലെങ്കിൽ കാറുകളും ഇല്ലാതാകും. എല്ലാം പൊയ്പ്പോകും. ഈ ലോകവും, അതിലുള്ളതൊക്കെയും ഇല്ലാതാകും.

നിങ്ങളും ഞാനും ദൈവമുൻപാകെ നില്ക്കും, നാം സഭയോടു എത്ര സമർപ്പണമുള്ളവരായിരുന്നു എന്നു അവൻ ഓർമ്മിക്കും. സഭ വളർത്തുന്നതിൽ നാം എത്ര സമർപ്പണമുള്ളവരായിരുന്നു എന്നു അവൻ ഓർമ്മിക്കും. നാം സഭയെ ഉപേക്ഷിച്ചാൽ ദൈവത്തോടുള്ള ഭക്തിക്കുറവു നാം എങ്ങനെ വിശദീകരിക്കും? ദൈവം ഇങ്ങനെ ചോദിച്ചാൽ നിങ്ങൾ അവനോടു എന്തു ഉത്തരം പറയും, "എന്തുകൊണ്ട് എന്റെ സഭ നിങ്ങൾക്കു കൂടുതൽ പ്രാധാന്യം ഉള്ളതായിരുന്നില്ല?"

ആ ചോദ്യം കേൾക്കുവാൻ എനിക്കാഗ്രഹമില്ല. നമ്മിൽ ആരും അത് ആഗ്രഹിക്കുന്നില്ല. മാറ്റം വരുത്തേണ്ടതു മാറ്റുവാൻ നമുക്കു തീരുമാനം എടുക്കാം. നമുക്കു ആദ്യം ചെയ്യേണ്ടതു ആദ്യം ചെയ്യാം. നമുക്കു കർത്താവിന്റെ സഭയോടു ഭക്തിയും സമർപ്പണവുമുള്ളവരാകാം.

---

കുറിപ്പുകൾ

[1]ജോർജ് ബർനാ, *ദ ബർനാ റിപ്പോർട്ട്: വാട്ട് അമേരിക്കൻസ് ബിലീവ്: ആൻ ആനുവൽ സർവ്വേ ഓഫ് വാല്യൂസ് ആന്റ് റിലീജിയസ് വ്യൂസ് ഇൻ ദ യുണൈറ്റഡ് സ്റ്റേറ്റ്സ്* (വെൻറ്റുറാ, കാലിഫ്.: റീഗൽ ബുക്സ്, 1991), 167. [2]ചാൾസ് കോൾസൺ വിത്ത് എലെൻ സാന്റില്ലി വാൺ, *ദ ബോഡി: ബീയിങ്ങ് ലൈറ്റ് ഇൻ ദ ഡാർക്ക്നസ്* (ഡള്ളാസ്, ടെക്സ്.: വേഡ് പബ്ലിഷിങ്ങ്, 1992), 31. [3]ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട്, *ദ മെസേജ് ഓഫ് എഫെഷ്യൻസ്: ഗോഡ്സ് ന്യു സൊസൈറ്റി*, ദ ബൈബിൾ സ്പീക്ക്സ് ടുഡേ, ജെന. എഡി. ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ - വാഴ്സിറ്റി പ്രെസ്, 1979), 126–30.